ശ്രീ. വി. എസ്. അച്യുതാനന്ദൻ : എനിക്ക് പ്രത്യേകമായിട്ട് ആക്ഷേപമോ ആരോപണമോ ഉന്നയിക്കാനില്ല. എന്തുകൊണ്ട് ഇതൊക്കെ സംഭവിക്കുന്നു എന്നുള്ളത് പരിശോധിക്കണമെന്നാണ് ഞാൻ പറഞ്ഞത്. എന്റെ കീഴിൽ വർക്ക് ചെയ്യുന്ന സ്റ്റാഫിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് എന്നിൽ നിന്നും മറുപടി കിട്ടേണ്ടവരായിട്ടുള്ള ആളുകൾ തുടർച്ചയായി കംപ്ലയിന്റ് ചെയ്യുമ്പോൾ അതിനെ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. അതാണ് ഞാൻ ഉദ്ദേശിച്ചത്. അല്ലാതെ ഇന്ന ആളെ എന്നു പൊട്ടുതൊട്ടു പറയാൻ എനിക്ക് സാദ്ധ്യമല്ല.

മി. സ്പീക്കർ : അങ്ങ് അത് ക്ലീയറാക്കിയത് നന്നായി. അതിന്റെ ഉത്തരവാദിയെന്ന നിലയിൽ അടച്ചു പറയുമ്പോൾ അവരെ defend ചെയ്യേണ്ട ചുമതല എനിക്കുണ്ട്. കാരണം അവരുടെ moral നിലനിർത്തുന്നതിന് ഞാൻ ബാദ്ധ്യസ്ഥനാണ്. ഏതെങ്കിലും ഒരു പ്രത്യേക കേസ് മെമ്പർമാർക്ക് ഉണ്ടെങ്കിൽ പരിശോധിക്കാം.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ച ബിൽ പ്രിന്റ് ചെയ്തു കിട്ടിയിട്ടുണ്ട്.

V ശ്രദ്ധക്ഷണിക്കൽ

(1) കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനത്തിലെ അപാകതകൾ

ശ്രീ. പിണറായി വിജയൻ : സർ, കേരള കാർഷിക സർവ്വകലാശാലയെ സംബന്ധിച്ചുള്ള ഗൗരവമേറിയ ചില പ്രശ്നങ്ങളാണ് ഈ സഭയുടെയും മന്ത്രിയുടെയും ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ കേരളത്തിന്റെ ഒരു ആശാ കേന്ദ്രമാണ് കാർഷിക സർവ്വകലാശാല. ഇന്ന് യഥാർത്ഥത്തിൽ അത് തകർച്ചയെ നേരിടുകയാണ്. സാർവ്വത്രികമായിട്ടുള്ള കുഴപ്പങ്ങളാണ് ആ സർവ്വകലാശാലയ്ക്കകത്ത് ഇപ്പോഴുള്ളത്. ഈ കുഴപ്പങ്ങൾക്കെല്ലാം കാരണക്കാരൻ അവിടെയുള്ള വൈസ്ചാൻസലറാണെന്നുള്ളത് ഏറ്റവും നിർഭാഗ്യകരമായ അവസ്ഥയാണ്. യു. ജി. സി. മാനദണ്ഡം അനുസരിച്ച് ഒരു വൈസ്ചാൻസലർക്ക് അല്ലെങ്കിൽ ഒരു അദ്ധ്യാപകന് 65 വയസ്സുവരെ മാത്രമേ തുടരാൻ സാധിക്കുകയുള്ളൂ. പക്ഷേ ഡോക്ടർ മൈക്കിൾ 65 വയസ്സ് കഴിഞ്ഞും അവിടെ തുടരുകയാണ്. 17-6-1930-ലാണ് അദ്ദേഹം ജനിച്ചത്. 1995 ജൂൺ മാസത്തോടുകൂടി അദ്ദേഹത്തിന് 65 വയസ്സ് കഴിഞ്ഞു. വൈസ് ചാൻസലറായി ഇപ്പോഴും അദ്ദേഹം അവിടെ തുടരുന്നത് യഥാർത്ഥത്തിൽ യു. ജി. സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. നമ്മുടെ സർവ്വകലാശാലകളുടെ ചരിത്രമെടുത്താലും 65 വയസ്സ് കഴിഞ്ഞവർ തുടരുന്നതായി കാണാൻ കഴിയുകയില്ല. 65 വയസ്സ് ആകുമ്പോൾ പിരിഞ്ഞുപോയ അനുഭവമാണ് വൈസ്ചാൻസലർമാരുടെ കാര്യത്തിലൊക്കെ നമുക്ക് കാണാൻ കഴിയുന്നത്. സർവ്വകലാശാല എന്നുപറയുമ്പോൾ ഗവേഷണ രംഗത്താണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. എന്നാൽ ഇപ്പോൾ ഈ സർവ്വകലാശാലയ്ക്കകത്ത് ഗവേഷണം നടക്കുന്നേയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഗവേഷണമെന്ന് പറയഞ്ഞാൽ കുറെകാലത്തെ തുടർച്ചയായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്ല്ലോ അതിന് ഫലമുണ്ടാകുന്നത്. അവിടെ ഇപ്പോഴെങ്കിലും ഗവേഷണപരമായി കണ്ടുപിടിക്കാൻ കഴിഞ്ഞുവെന്നു വന്നിട്ടുണ്ടെങ്കിൽ അത് ഈ രണ്ട് വർഷത്തെ പ്രവർത്തനം കൊണ്ടല്ല. എത്രയോ വർഷങ്ങൾക്ക് മുൻപ് നടന്ന പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. ഇപ്പോൾ അവിടെ ഗവേഷണം നടക്കുന്നില്ല. ഒരു കച്ചവട കേന്ദ്രമായി മാറിയിരിക്കുകയാണ്. പ്രൈവറ്റ് നഴ്സറികളിൽ നിന്നും ചെടികൾ വാങ്ങി അമിത വിലയ്ക്ക് വിൽക്കുകയാണ്. ലക്ഷക്കണക്കിന് മംഗളാ കമുങ്ങിൻ തൈകൾ ഈ സർവ്വകലാശാലയിൽ വിൽപ്പനയ്ക്ക് ഒരുക്കി നിർത്തിയിട്ടുണ്ട്. പക്ഷെ മംഗളാ അടയ്ക്കാ വിത്തുകൾ കാർഷിക സർവ്വകലാശാലയിൽ എവിടേയും ഉൽപ്പാദിപ്പിക്കുന്നില്ല. തൈകൾ ഇഷ്ടംപോലെ വിൽക്കാനുണ്ട്. സ്വകാര്യ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയാണ് ഈ വിൽപ്പന നടത്തുന്നത് എന്നർത്ഥം. രണ്ട് രൂപയ്ക്ക് താഴെ വിലയുള്ളതാണ് ആ തൈ. ഈ സർവ്വകലാശാലയിൽ വിൽക്കുന്നത് എട്ട് രൂപയ്ക്കാണ്. ഇപ്പോൾ അത് അഞ്ച് രൂപയാക്കി കുറച്ചിട്ടുണ്ട്. ശരിയായ കൊള്ളയാണ് കാർഷിക സർവ്വകലാശാല നടത്തുന്നത്. ലക്ഷദ്വീപിൽ നിന്നും നാടൻ തേങ്ങ കൊണ്ടുവന്ന് മുളപ്പിച്ച് പേരുമാറ്റി അമിതവിലയ്ക്ക് വിൽക്കയാണ്. അതിലും തട്ടിപ്പാണ്. ഒരു തൈക്ക് 25 രൂപയാണ് വില കണക്കാക്കുന്നത്. പുറത്തെ വില 10 രൂപയാണ്. അപ്പോൾ യഥാർത്ഥ പകൽക്കൊള്ളയാണ് നടക്കുന്നത്. അതു വാങ്ങാൻ ആളില്ലാതെ വന്നു. അപ്പോൾ 15 രൂപയാക്കി എന്നിട്ടും ആളില്ലാതെ വന്നപ്പോൾ 10 രൂപയാക്കി. ഇപ്പോഴും വാങ്ങാൻ ആളില്ല. കാരണം ഇത് കാർഷിക സർവ്വകലാശാലയുടെ തൈ അല്ലെന്ന് ആളുകൾക്കറിയാം. ഇപ്പോൾ സ്ഥിതി എന്താണ്? മണ്ണുത്തി, വെള്ളാനിക്കര, വെള്ളായണി, നീലേശ്വരം ഇവിടെയൊക്കെ തെങ്ങിൻ തൈകൾ ഇഷ്ടംപോലെ കെട്ടികിടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയുമൊക്കെ നീലേശ്വരത്ത് പോയപ്പോൾ കെട്ടിക്കിടക്കുന്ന, കൂട്ടമായി കൂട്ടിയിട്ടിരിക്കുന്ന തെങ്ങിൻ തൈകളുടെ ഫോട്ടോ പത്രത്തിൽ വന്നു. അവസാനം ഇങ്ങനെയുള്ള തൈകൾ ഒക്കെ കത്തിച്ചുകളയാൻ നിർദ്ദേശം കൊടുത്തിരിക്കയാണെന്നാണ് പറയുന്നത്. പ്രാദേശിക ഗവേഷണ കേന്ദ്രങ്ങൾ ആവശ്യമില്ലെന്ന നിലപാടാണ് വൈസ്ചാൻസലർ എടുത്തിട്ടുള്ളത്. ഇതു ലാഭകരമാക്കാൻ ഇപ്പോൾ ചെയ്ത ഒരു വിദ്യ ഇൻഫർമേഷൻ കം സെയിൽസ് കൗണ്ടർ മിക്ക ഗവേഷണ കേന്ദ്രങ്ങളിലും തുടങ്ങലാണ്. വിറ്റുവരവ് കൂട്ടലാണ് ഉദ്ദേശം. വൈസ് ചാൻസലറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ മണ്ണുത്തിയിൽ ഒരു സെയിൽസ് കൗണ്ടറുമുണ്ട്. ഒരു വർഷത്തിനകം ഒരു കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. വൈസ്ചാൻസലർ തന്നെ അത് സംബന്ധിച്ച് ഒരു പ്രസ് റിലീസും ഇറക്കിയിട്ടുണ്ട്. ഇത് എങ്ങനെയാണ് ഉണ്ടായത്? കാർഷിക സർവ്വകലാശാലയുടെ ഉൽപ്പന്നങ്ങളാണോ അവർ വിൽക്കുന്നത്? പരിശോധിച്ചാൽ അതും അപമാനമാണ്. സ്വകാര്യ വ്യക്തികൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവരിൽനിന്ന് കമ്മീഷൻ അടിസ്ഥാനത്തിൽ വിത്തും, നടീൽ വസ്തുക്കളും വാങ്ങി സർവ്വകലാശാലയുടെ ലേബൽ ഒട്ടിക്കുക, അമിത വിലയ്ക്ക് വിൽക്കുക. എന്ത് ഗവേഷണമാണ് ഇതിലുള്ളത്? ആടുമാടുകളെ പുറത്തുനിന്നു വാങ്ങി ഇറച്ചിയാക്കി വിൽക്കുന്നതിൽ എന്ത് ഗവേഷണമാണ്? ഉള്ള ഗവേഷകരേയും അദ്ധ്യാപകരേയും ഇറച്ചിക്കച്ചവടത്തിനും മുട്ടക്കച്ചവടത്തിനും വിനിയോഗിക്കുന്ന അവസ്ഥയാണുള്ളത്. നാലുകോടിയോളം രൂപ വിവിധ ഏജൻസികളിൽ നിന്നും ഗ്രാന്റായി വർഷംപ്രതി സർവ്വകലാശാലയ്ക്ക് ലഭിക്കുന്നു. ഈ തുകയിൽ നല്ലൊരുഭാഗം ഗവേഷണത്തിനല്ല ഉപയോഗിക്കുന്നത്. ഗവേഷണേതര ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. അത്

LIBRARY ARCHIVES Kerala Legislative Assembly

വകമാറി ചെലവഴിക്കുകയാണ്. എഴുപതോളം ഗവേഷണ പദ്ധതികളും ഈ വർഷം മുതൽ നിർത്താൻ പോവുകയാണ്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് സർവ്വകലാശാല നീങ്ങുന്നു. ഗവേഷണ കേന്ദ്രങ്ങളിൽ ഗവേഷകരുടെ കുറവ് ഞെട്ടിപ്പിക്കുന്നതാണ്. 330 തസ്തികകളും ഇപ്പോൾ ഒഴിവാണ്. 85 അദ്ധ്യാപകരുടെ തസ്തിക വൈസ്ചാൻസലർ നിർത്തലാക്കിയിട്ടുണ്ട്. ഇതിനു സ്വാഭാവികമായും പ്രതിഷേധിക്കണ്ടേ ? അദ്ധ്യാപകർ പ്രതിഷേധിച്ചു. അതിനു വൈസ്ചാൻസലർ ചെയ്തത് എന്താണ് ? ഏഴു പ്രൊഫസർ തസ്തിക തരംതാഴ്ത്തി. ഇതിൽ സെക്യൂരിറ്റി ആഫീസർമാരെ നിയമിച്ചിരിക്കുകയാണ്. അദ്ധ്യാപക വിഭാഗത്തിന്റെ ഇരുനൂറോളം തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ആയിരത്തി അഞ്ഞൂറോളം തൊഴിലാളി തസ്തിക ഒഴിഞ്ഞു കിടക്കുന്നു. ഈ വൈസ്ചാൻസലർ ഒരു പ്രത്യേക തരക്കാരനാണെന്നാണ് പറയുന്നത്. അദ്ദേഹത്തെ സർവ്വകലാശാല യൂണിയൻ ഭാരവാഹികൾക്ക് കാണാൻ അധികാരമില്ല. അദ്ദേഹം അടുത്ത വർഷം മുതൽ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നിർത്തി വയ്ക്കാൻ ആലോചിക്കയാണു പോലും. മിക്ക കോളേജുകളിലും വേണ്ട അദ്ധ്യാപകരോ പഠന സൗകര്യങ്ങളോ ഇല്ല. ഡോക്ടർ എം. എ. മൈക്കിൾ ഒരു ഏകാധിപതിയാണെന്നാണ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട അദ്ധ്യാപകർ, ജീവനക്കാർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ എന്നിവരെല്ലാം ഒറ്റക്കെട്ടായി ആരോപിക്കുന്നത്. എല്ലാ മാനദണ്ഡങ്ങളും കീഴ്വഴക്കങ്ങളും ലംഘിക്കപ്പെടുകയാണ്. അംഗീകൃത സംഘടനകൾ അനാവശ്യമാണെന്നാണ്. സർവ്വകലാശാലയുടെ പുരോഗതിക്ക് ഈ സംഘടനകൾ പാടുകയില്ല എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഇക്കാലത്ത് ജീവിക്കാൻ പാടിയ ആളാണോയെന്ന് ആലോചിക്കണം. ഡോക്ടർ മൈക്കിൾ ഇതൊക്കെ പരസ്യമായി പ്രചരിപ്പിക്കുകയാണ്. സംഘടനാ നേതാക്കൻമാർ, തെരഞ്ഞെടുത്ത പ്രതിനിധികൾ ഇവരെയൊന്നും കാണാൻ വൈസ് ചാൻസലർ തയ്യാറാവുകയില്ല. അവർ അനുമതി ചോദിച്ചാൽ അനുമതി കൊടുക്കുകയില്ല. പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വൈസ്ചാൻസലർ തയ്യാറല്ല. ആ യൂണിവേഴ്സിറ്റിയിൽ ഏതെല്ലാം സംഘടനകളുണ്ടോ ആ സംഘടനകളോട് എല്ലാം ശത്രുതയാണ്. അതിൽ പക്ഷഭേദമില്ല. എല്ലാ സംഘടനകളോടും ശത്രുത വച്ചുപുലർത്തുന്ന ഒരു വൈസ്ചാൻസലറായി ഇദ്ദേഹം മാറിയിരിക്കുകയാണ്. അവിടെ ജനറൽ കൗൺസിലിൽ ഉണ്ടായ ഒരനുഭവം പറയുന്നുണ്ട്. യു. ജി. സി, ഐ. സി. എം. ആർ. പദ്ധതികളും കാർഷിക സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതു സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ ജനറൽ കൗൺസിൽ ചേർന്നു. അത് ഒരു സബ് കമ്മിറ്റി റിപ്പോർട്ട് പരിഗണിക്കാനായിരുന്നു. പാർലമെന്റ് മെമ്പറായ പ്രൊഫസർ സാവിത്രി ലക്ഷ്മണന്റെ അദ്ധ്യക്ഷതയിൽ സബ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും അതിന്റെ റിപ്പോർട്ട് കക്ഷിഭേദമെന്യ എല്ലാവരും പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തു. പക്ഷേ വൈസ് ചാൻസലർ മാത്രം അതിനെ എതിർത്തു. അദ്ധ്യാപകർക്കുള്ളതാണ് ഈ ദേശീയ പാക്കേജ്. അത് അദ്ധ്യാപകരുടെ താൽപര്യം സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട വൈസ് ചാൻസലറുടെ വിയോജനക്കുറിപ്പോടെ ഗവൺമെന്റിലേക്ക് അയയ്ക്കേണ്ടി വന്നു. ഇപ്പോൾ ഇതു നടപ്പിലാക്കാതിരിക്കാൻ എന്തെല്ലാം ചെയ്യാൻ പറ്റുമോ അതൊക്കെയാണ് വൈസ്ചാൻസലർ ചെയ്തുകൊണ്ടിരിക്കുന്നത്. യു. ജി. സി., ഐ. സി. എ. ആർ. സ്കീമുകളുമായി ബന്ധപ്പെട്ട് അംഗീകരിച്ച സ്റ്റാറ്റ്യൂട്ടറി ഭേദഗതികളിൽ വൈസ്ചാൻസലർ കൃത്രിമം കാണിച്ചു എന്ന് പരാതി ഉയർന്നിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു കേസും നിലനിൽക്കുണ്ട്. എന്തെല്ലാം കാര്യങ്ങളാണ് അദ്ദേഹത്തിനെതിരായിട്ട് ഉയർന്നുവന്നിട്ടുള്ളത്? ഈ അടുന്ന കാലത്ത് അവിടെ ഒരു വാഹനജാഥ നടന്നു. ആ വാഹനജാഥ നേരിടുന്നതിന് വൈസ്ചാൻസലർ

10.00 A. M.

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ച നടപടി ഈ ആധുനിക കാലത്തിന് ചേർന്നതാണോയെന്ന് ഗവൺമെൻറു തന്നെ ചിന്തിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് പത്ര വാർത്തകളിൽ ആളുടെ പേരുകണ്ടാൽ ഉടൻതന്നെ ഡയസ്നോൺ ആക്കിക്കൊള്ളണമെന്നാണ് അദ്ധ്യാപകരുടെ ഉത്തരവ്. ഒരു ലീവും കൊടുക്കാൻ പാടില്ല എന്നാണ്. അർഹതപ്പെട്ട ലീവ് എടുക്കുന്നതിന് വൈസ്ചാൻസലറുടെ അനുമതി വേണോ? അദ്ധ്യാപകർ പറയുകയാണ് No leave should be sanctioned to any of the teaching, non-teaching staff and permanent labourers during the course of the 'March' ഈ ജാഥ നടക്കുന്നതുകൊണ്ട് അദ്ധ്യാപകർമിട്ട ഉത്തരവാണ്; സർക്കുലറാണിത്. അതുപോലെ തന്നെ ആ ദിവസം ഡയസ്നോൺ ആക്കാൻ പറയുകയാണ്. The day of participation in the 'March' of any of the members of teaching, non teaching staff will be treated as dies-non. ഇതിൽ പങ്കെടുത്തുവെന്ന് പത്രവാർത്ത വന്നാലുംമതി ഡയസ്നോൺ ആക്കും-പിന്നെ പറയുന്നത് The paticipation of a University employee in the 'March' can be assertained by personal observation by report in the newspapers. എന്താ അദ്ധ്യാപകർക്ക് ഭ്രാന്താണോ? By report in the newspapers or by veryfying the name given in the communication by the organisation themselves. അവർ അടിച്ച നോട്ടീസിലോ മറ്റോ പേര് ഉണ്ടെങ്കിൽ അതും പരിശോധിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇപ്പോഴത് നടപ്പിലാക്കി. തൃശ്ശൂരിലെ ഹോർട്ടിക്കൾച്ചർ കോളേജിലെ അസോസിയേറ്റ് പ്രൊഫസർ ശ്രീ. രഞ്ചൻ ടീച്ചേഴ്സ് അസോസിയേഷൻറെ പ്രവർത്തകനും അതിൻറെ എഡിറ്ററുമാണ്. ഇപ്പോഴും അദ്ധ്യാപകർക്ക് മഞ്ചേശ്വരം കൃഷി വിജ്ഞാന കേന്ദ്രത്തിലേക്ക് മാറ്റിയിരിക്കുകയാണ്. എന്താണ്, ന്യായമെന്ന് അറിയാമോ? ഈ മാർച്ച് മാസം ഫണ്ട് ചെലവഴിക്കണം. അതിനു നിങ്ങൾ അങ്ങോട്ടു പോകണമെന്നാണ്. ഇനി മാർച്ച് മാസത്തിൽ എത്ര ദിവസമാണ് ഉള്ളത്? ഇതു പകപോക്കലാണ്. മറ്റുള്ളവരുടെ നേരെയും പകപോക്കും എന്ന നിലപാടാണ്. അദ്ധ്യാപകർ സ്വീകരിച്ചിട്ടുള്ളത്. ഏകാധിപതിയായി മാറിയാൽപ്പിന്നെ എന്തും നടക്കുമല്ലോ. അപ്പോൾ സാമ്പത്തിക ക്രമക്കേടും അഴിമതിയുമൊക്കെ സ്വാഭാവികമാണ്. ചോദ്യം ചെയ്യപ്പെടാൻ ആളില്ലായെന്ന അവസ്ഥയാണ് അദ്ധ്യാപകർക്കുള്ളത്. അതിനു നിരവധി ഉദാഹരണങ്ങളും ഗവൺമെൻറിന് മുൻപാകെയുണ്ട്. നഗ്നമായ സ്വജന പക്ഷപാതമാണ് നടക്കുന്നത്. അവിടെ ഡീൻമാർ, ഗവേഷണ വിഭാഗം ഡയറക്ടർ, വിജ്ഞാന വ്യാപന വിഭാഗം ഡയറക്ടർ എന്നീ ഉയർന്ന പദവികളിലെ നിയമനമടക്കം വിവാദത്തിൽപ്പെട്ടിരിക്കുകയാണ്. ഇദ്ധ്യാപകർക്ക് 65 വയസ്സു കഴിഞ്ഞു. ഇപ്പോഴെന്താണ് ചെയ്യുന്നത്? പെൻഷൻപറ്റിയവരെ തുടരാൻ അനുവദിക്കുന്നു. മുഴുവൻ ശമ്പളത്തോടെ. Former Veterinary Dean, Former Thavanoor Dean in-charge, Fodder Specialist, Forestry Special Officer, Professor of Pig farm and former Private Secretary to Vice Chancellor. ഇങ്ങനെയുള്ളവരെയൊക്കെ പെൻഷൻ പറ്റിയിട്ടും തുടരാൻ അനുവദിച്ചിരിക്കുകയാണ്. വൈസ് ചാൻസലറുടെ ചെയ്തികളെ എല്ലാ സംഘടനകളും എതിർത്തു. ഒരു സംഘടനയും അനുകൂലിക്കാനില്ല അതാണ് ആ യൂണിവേഴ്സിറ്റിയുടെ അവസ്ഥ. അപ്പോൾ വൈസ് ചാൻസലർ എന്തു ചെയ്തുവെന്നറിയാമോ? അനുകൂലിക്കാൻ അദ്ധ്യാപകർ പ്രത്യേകമായി ഒരു സംഘടനയുണ്ടാക്കി. ആള് നല്ല പുള്ളിയാണ്. യഥാർത്ഥത്തിൽ വൈസ് ചാൻസലറുടെ പദവി അദ്ധ്യാപകർ ദുർനിനിയോഗം ചെയ്തിരിക്കുകയാണ്. അദ്ധ്യാപകർക്കിടയിൽ ഭിന്നിപ്പുണ്ടാക്കി. ഒരു ഗുണമുണ്ട്, മറ്റ് സംഘടനകളെല്ലാം എതിരാണെങ്കിലും തൻപിള്ള പൊൻപിള്ള എന്ന നയമുണ്ട്. ആ സംഘടനയെ നല്ല രീതിയിൽ തന്നെ പരിഗണിക്കുന്നു. അവിടെ വർഷങ്ങളായി നിലനിൽക്കുന്ന സ്ഥംമാറ്റ

LIBRARY ARCHIVES Kerala Legislative Assembly

മാനദണ്ഡങ്ങളെ ലംഘിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ആവശ്യമായ മാനേജ്മെന്റ് പരിജ്ഞാനമില്ല. കെടുകാര്യസ്ഥതയുടെ വിളഭൂമിയായി ആ കാർഷിക സർവ്വകലാശാല മാറിയിരിക്കുന്നു. മണ്ണുത്തി ലൈവ്സ്റ്റോക്ക് ഫാമിൽ നടന്ന തീപിടുത്തത്തിൽ 30 പശുക്കൾ വെന്തുമരിച്ചു, 10 എണ്ണം ഗുരുതരമായി പൊള്ളലേറ്റ് ആസന്ന നിലയിലായി. തൊഴുത്തിന്റെ അറ്റകുറ്റ പണി നടത്താതിരിക്കുന്നതാണ് അതിന് കാരണം. തീപിടിത്തത്തിനുള്ള ഭൗതിക സാഹചര്യം ആ കെട്ടിടത്തിനുണ്ട്. അതുപോലെതന്നെ വെച്ചൂർ പശുക്കളുടെ കൂട്ടക്കൊല. 16 പശുക്കൾ ഭക്ഷ്യ വിഷബാധമൂലം ചത്തൊടുങ്ങി. ഡോക്ടർ മൈക്കിളിനെ ഒഴിവാക്കണം. കാർഷിക സർവ്വകലാശാലയുടെ ഇന്നത്തെ കെടുകാര്യസ്ഥതയെക്കുറിച്ച് ഗൗരവമായ അന്വേഷണം നടത്തണമെന്നാണ് ഇതു സംബന്ധിച്ച് എനിക്ക് ആവശ്യപ്പെടാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ) : സർ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ 20-7-1992-ലാണ് നിയമിതനായത്. ആ നിയമന ഉത്തരവ് എന്റെ കയ്യിലുണ്ട്. ഞാനത് വായിക്കാം. In exercise of the powers conferred by sub-section (2) of Section 27 of the Kerala Agricultural University Act 1971, the Chancellor of the Kerala Agricultural University is pleased to appoint Dr. A. M. Michael, Consultant, Land and Water Resaurces Development and Management, Janakapuri New Delhi, as the Vice Chancellor of the said University for a period of five years from the date on which he assumes office. ഈ നിയമന ഉത്തരവനുസരിച്ച് ഇതിലെ നിയമന തീയതി മുതൽ 5 വർഷക്കാലത്തേക്ക് വൈസ് ചാൻസലറെ നിയമിച്ചിരിക്കുന്നു. അദ്ദേഹം എന്ന് ചാർജെടുക്കുന്നോ ആ ദിവസം മുതൽ അഞ്ചു വർഷക്കാലത്തേക്ക് നിയമിച്ചിരിക്കുന്നുവെന്നാണ് നിയമന ഉത്തരവിൽ പറഞ്ഞിട്ടുള്ളത്. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ആക്ട് എന്റെ കയ്യിലുണ്ട്. ആ ആക്ടിൽ സെക്ഷൻ 27, ക്ലാസ് 6-ൽ വൈസ് ചാൻസലറുടെ നിയമനത്തെക്കുറിച്ച് പറയുന്നത് (6) the Vice Chancellor shall normally hold office for a term of five years and shall be eligible for re-appointment for one additional term of five years. അഞ്ചു വർഷക്കാലം, വേണ്ടിവന്നാൽ പിന്നീടും ഒരു അഞ്ചു വർഷക്കാലം എന്നുള്ളതല്ലാതെ പ്രായപരിധിയെക്കുറിച്ചുള്ള ഒരു വ്യവസ്ഥ ഈ നിയമത്തിൽ ഇല്ല. എന്റെ സുഹൃത്ത് ശ്രീ. പിണറായി വിജയൻ ഇവിടെ പറഞ്ഞ ഒരു കാര്യം യു. ജി. സി. സ്കീമിനെക്കുറിച്ചാണ്. അദ്ധ്യാപകരുടെ വയസ് പറഞ്ഞിട്ടുണ്ട് എന്നുള്ളതല്ലാതെ വൈസ് ചാൻസിലറെ നിയമിക്കുമ്പോൾ പരമാവധി വയസ് ഇത്ര കവിയാൻ പാടില്ലെന്നുള്ള ഒരു വിലക്ക് ഈ യു. ജി. സി. സ്കീമിൽ ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ആക്ട് നിലവിൽ വന്നതിനുശേഷം ഒരു ഭേദഗതികൂടി വരുത്തിയിട്ടുണ്ട്. ആ ഭേദഗതി നടത്തിയ സന്ദർഭത്തിൽ പോലും ഈ കാര്യത്തെക്കുറിച്ച് ഒരു ചർച്ച ഉണ്ടായിട്ടില്ല. ഇതിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. ഞാൻ നിയമോപദേശം തേടിയപ്പോൾ കിട്ടിയിട്ടുള്ള വിവരം ഈ നിയമത്തിൽ ഗവൺമെന്റിനു ഒരു ഭേദഗതി കൊണ്ടുവരണമെന്നാഗ്രഹമുണ്ടെങ്കിൽ 65 വയസുവരെ എന്ന ഒരു ഭേദഗതി കൊണ്ടുവരാമെന്നുള്ളതല്ലാതെ, 5 വർഷക്കാലത്തേക്കുള്ള നിയമനത്തിന് എതിരായിട്ട് യാതൊരു വ്യവസ്ഥകളും ഇല്ലാത്തതുകൊണ്ട്, അതിനുമുൽപ് പിരിച്ചുവിടാൻ നിയമ പ്രകാരം അധികാരമില്ലെന്നാണ്. ഇക്കാരത്തിൽ 65 വയസു കഴിഞ്ഞാലും തുടരണമോ വേണ്ടയോ എന്നുള്ള കാര്യത്തെ സംബന്ധിച്ച്, അതിനൊരു ഭേദഗതി വേണമോ വേണ്ടയോ എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തെ സംബന്ധിച്ച് ഒക്കെ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. എത്രയാലും അങ്ങനെയൊരു ഭേദഗതി വരുന്നതുവരെ നിലവിലുള്ള നിയമമനുസരിച്ച് 65 വയസ് എന്നുള്ള പരിമിതിയില്ല. യൂണിവേഴ്സിറ്റിയുടെ ആട്ടോണമിയിൽ ഗവൺമെന്റ് വിശ്വസിക്കുകയാണ്. യൂണിവേഴ്സിറ്റിയുടെ കാര്യങ്ങളിൽ അനധികൃതമായി എപ്പോഴും കൈകടത്തലാകാമെന്ന അഭിപ്രായം ഗവൺമെന്റിനില്ല. പക്ഷേ അതുകൊണ്ട് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളിലോ, വൈസ് ചാൻസലറുടെ പ്രവർത്തനങ്ങളിലോ ചോദ്യം ചെയ്യൽ പാടില്ലെന്നോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിയും വൈസ് ചാൻസിലറും ഇതിനെല്ലാം അതീതമാണെന്നോ ഉള്ള അഭിപ്രായം ഗവൺമെന്റിനില്ല. വൈസ് ചാൻസിലർ അഴിമതിനടത്തിയതായുള്ള ചിലകാര്യങ്ങളും ശ്രീ.പിണറായി വിജയൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമുക്ക് ഇപ്പോഴും തന്നെ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ട്, 1988 സെക്ഷൻ 2 (സി) അനുസരിച്ച് പബ്ലിക് സർവ്വന്റ് എന്നുള്ള നിർവ്വചനത്തിൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലറെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗുരുതരമായ അഴിമതി ആരോപണങ്ങളും നടന്നിട്ടുണ്ടെന്നും ഗവൺമെന്റിന് ബോദ്ധ്യം വന്നാൽ 1988-ലെ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ട്, സെക്ഷൻ 2 (സി) ഉപയോഗിച്ച് വേണമെങ്കിൽ നടപടികളും സ്വീകരിക്കാവുന്നതാണ്. Prevention of corruption Act-ലെ വ്യവസ്ഥയനുസരിച്ച് ചാൻസിലർ ഗവർണ്ണറാണ്. ഗവർണ്ണർക്കും വേണമെന്നുണ്ടെങ്കിൽ പ്രഥമദൃഷ്ട്യാ ഒരാൾ കുറ്റക്കാരനാണെന്ന് ബോദ്ധ്യം വന്നാൽ അതിനെക്കുറിച്ച് അന്വേഷണം നടത്താവുന്നതാണ്. യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചോ, അവിടെ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചോ അല്ലെങ്കിൽ നൈംദിന കാര്യങ്ങളിലുള്ള അപാകതകളെക്കുറിച്ചോ വളരെ ഗൗരവമായ കാര്യങ്ങളുണ്ടെന്ന് ബോദ്ധ്യം വന്നാൽ അത്തരം കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിന് വേണമെന്നുണ്ടെങ്കിൽ അന്വേഷണം നടത്താവുന്നതാണ്. അതുകൊണ്ടാണ് ഞാൻ ആദ്യം പറഞ്ഞത് യൂണിവേഴ്സിറ്റിയോ അല്ലെങ്കിൽ വൈസ് ചാൻസിലറോ ഇതിനെല്ലാത്തിനും അതീതരാണെന്നുള്ള ഒരു തെറ്റിദ്ധാരണ ആർക്കെക്കെയോ ഉണ്ടെന്ന് എനിക്ക് തോന്നുന്നു. ഗവൺമെന്റിന് അത് ഇല്ല. പ്രഥമദൃഷ്ട്യാ കുറ്റം ഉണ്ടെന്ന് തോന്നിയാൽ, അല്ലെങ്കിൽ ആരോപണങ്ങളിൽ കഴമ്പുണ്ടെന്നു തോന്നിയാൽ ഗവൺമെന്റിന് വേണമെന്നുണ്ടെങ്കിൽ ഈ പറയുന്ന നിലയിൽ വൈസ് ചാൻസിലർക്കോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിക്കോ എതിരായി അന്വേഷണം നടത്താൻ ബുദ്ധിമുട്ടില്ല. കാർഷിക സർവ്വകലാശാലാ വൈസ് ചാൻസിലറുടെ കാര്യങ്ങളെക്കുറിച്ചും സർവ്വകലാശാലയുടെ നടത്തിപ്പിലുള്ള ക്രമക്കേടുകളെ കുറിച്ചുമൊക്കെ കഴിഞ്ഞ ദിവസം വിദ്യാർത്ഥികളുടേയും അതുപോലെതന്നെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സംഘടന എനിക്ക് ഒരു മെമ്മോറാണ്ടം തന്നിട്ടുണ്ട്. അതിൽ വളരെയേറെ കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗവൺമെന്റ് അതു വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. പിണറായി വിജയൻ ഇവിടെ ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ചും ആ മെമ്മോറാണ്ടത്തിൽ ചേർത്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും പരിശോധിച്ച ശേഷം ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇവിടെ ശ്രീ. പിണറായി വിജയൻ സൂചിപ്പിച്ച ചില കാര്യങ്ങളെക്കുറിച്ച് ഞാൻ മറുപടി പറയാൻ ആഗ്രഹിക്കുകയാണ്. തൈകൾക്ക് അമിതമായ വില ഈടാക്കുന്നുവെന്ന് പറഞ്ഞു. പോരാതെ വരുമ്പോൾ പ്രൈവറ്റ് നഴ്സറികളിൽ നിന്ന് തൈകൾ വാങ്ങുന്നുവെന്ന് പറഞ്ഞു. എനിക്ക് അറിയാൻ കഴിഞ്ഞിടത്തോളം പെരിയയിൽ നിന്ന് തൈകൾ വാങ്ങുന്നില്ല. ആവശ്യമുള്ള തൈകൾ ഉൽപ്പാദിപ്പിക്കുന്നത് സർവ്വകലാശാല തന്നെയാണ്. സർവ്വകലാശാല മദർ പ്ലാന്റ്സ് വാങ്ങുന്നുണ്ട്. ആ മദർ പ്ലാന്റ്സ് വാങ്ങിക്കൊണ്ട് അതിൽനിന്ന് സീഡ്ലിംഗ്സ് ഉണ്ടാക്കുന്നത് സർവ്വകലാശാല തന്നെയാണ്. അൽപ്പം വില കൂടുതലുണ്ടെന്നുള്ളത് ഞാൻ സമ്മതിക്കുന്നു. കൃഷി വകുപ്പിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

വിതരണം ചെയ്യുന്ന തൈകളേക്കാൾ അൽപ്പം വിലക്കൂടുതലുണ്ട്. പക്ഷേ ഇത് നല്ല തൈകളാണ്. ഇതിന്റെ [illegible]ക്കുറിച്ച് ജനങ്ങൾക്ക് വിശ്വാസമുള്ളതു കൊണ്ട് ധാരാളം ചെലവുമുണ്ട്. നീലേശ്വരത്ത് തൈകൾ കത്തിച്ചുകളഞ്ഞു എന്ന് പറഞ്ഞു. ഞങ്ങൾ അവിടെ ചെന്നപ്പോൾ അതിനെക്കുറിച്ച് അന്വേഷിച്ചു. തൈകളുടെ കൂട്ടത്തിൽ വിൽക്കാൻ പറ്റിയ നല്ല തൈകൾ എടുത്തുകൊടുത്തിട്ട് ബാക്കി കാളിററി കുറഞ്ഞതൈകളാണ് നശിപ്പിച്ചുകളഞ്ഞത്. ശ്രീമതി സാവിത്രി ലക്ഷ്മണന്റെ ഒരു സബ് കമ്മിറ്റിയുടെ റിപ്പോർട്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇത് യു. ജി. സി. സ്കെയിലുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് ആണ് അതിൽ വൈസ് ചാൻസലർ നിയോജനക്കുറിച്ച് എഴുതി ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ട്. പക്ഷേ ഗവൺമെന്റ് അത് വിശദമായി പരിശോധിച്ച് അദ്ധ്യാപകർക്ക് അനുകൂലമായ ചില തീരുമാനങ്ങൾ ഇതിനകം തന്നെ എടുത്തിട്ടുണ്ട്. അത് ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരത്തിനായിട്ട് അയച്ചുകൊടുത്തിരിക്കുകയാണ്. എത്രയും ദിവസങ്ങൾക്കുള്ളിൽ ഫൈനാൻസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് അതിന് അംഗീകാരം കിട്ടും. എനിക്ക് തോന്നുന്നത് ഒരുവിധം തൃപ്തികരമായ നിലയിൽ അവരുടെ സ്കെയിലിനെ സംബന്ധിച്ചും പ്രമോഷനെ സംബന്ധിച്ചും ഗ്രേഡിനെ സംബന്ധിച്ചുമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുമെന്നാണ്. ആ നിലയിലാണ് ഗവൺമെന്റ് ആ കാര്യത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. ഇവിടെ മറ്റൊരു കാര്യം ശ്രീ. വിജയൻ പറഞ്ഞു. അതിനെക്കുറിച്ച് ചില പരാതികൾ എന്റെ അടുത്തും എത്തിയിട്ടുണ്ട്. വിവിധ അംഗീകൃത സംഘടനകളിലെ ആളുകൾക്കും വിദ്യാർത്ഥി സംഘടനകളിലെ ആളുകൾക്കുമൊക്കെ വൈസ് ചാൻസിലറെ കാണുന്നതിനും കാര്യങ്ങൾ അവതരിപ്പിക്കുന്നതിനും പരാതി കൊടുക്കുന്നതിനും പലപ്പോഴും അനുവാദം കിട്ടുന്നില്ല, വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടെന്ന് എന്നോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും നേരിട്ടുതന്നെ പരാതി പറഞ്ഞിട്ടുണ്ട്. സംഘടനാ നേതാക്കളോടും ജനപ്രതിനിധികളോടും കുറെക്കൂടി ജനാധിപത്യ രീതിയിൽ പെരുമാറണമെന്ന വ്യക്തമായ എന്റെ അഭിപ്രായം വൈസ് ചാൻസലറെ ഞാൻ അറിയിച്ചിട്ടുണ്ട്. അതുപോലെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വൈസ് ചാൻസലറോട് ആ കാര്യത്തെ സംബന്ധിച്ച് പറയുകയും ചെയ്തിട്ടുണ്ട്. മറ്റ് കാര്യങ്ങളിലേക്കൊന്നും കൂടുതലായി ഈ അവസരത്തിൽ കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം ഇത് വിശദമായ പരിശോധനയിലിരിക്കുന്ന ഒരു കാര്യമാണ്. ഞാൻ ഒരിക്കൽക്കൂടി പറയട്ടേ, അത് പരിശോധിച്ചിട്ട് ആവശ്യമായ തീരുമാനങ്ങൾ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്. നമ്മുടെ കാർഷിക സർവ്വകലാശാല ഇന്ന് ഇൻഡ്യയിൽ തന്നെ നല്ല നിലവാരം പുലർത്തുന്ന, ഗവേഷണ കാര്യങ്ങളിൽ അറിയപ്പെടുന്ന സർവ്വകലാശാലകളിൽ ഒന്നായി പരക്കെ അംഗീകരിച്ചിട്ടുണ്ടെന്നുള്ള സത്യം ഈ സന്ദർഭത്തിൽ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈയടുത്തകാലത്ത് ഗവേഷണങ്ങളുടെ ഫലമായി അവിടെ വികസിപ്പിച്ചെടുത്തിട്ടുള്ള പല കാര്യങ്ങളുമുണ്ട്. സീഡ്ലിംഗ്സിന്റെ കാര്യത്തിൽ മാത്രമല്ല, ഇപ്പോൾ അതുല്യ എന്നു പറയുന്ന ഒരു വർഷത്തിൽ 280 ദിവസം മുട്ട ഇടുന്ന ഒരു പുതിയ ഇനം കോഴിയെ വികസിപ്പിച്ച് എടുത്തിട്ടുണ്ട്. അത് ദേശീയതലത്തിൽ തന്നെ വലിയ പ്രാധാന്യവും വലിയ പ്രചരണവുമൊക്കെ കിട്ടിയിട്ടുള്ള ഒന്നാണ്. അതുപോലെ തന്നെ നമുക്ക് ഈ രംഗത്ത് പുതിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഈയിടെ തന്നെ പുതുതായി ഒരു കാർഷിക കോളേജ് തുടങ്ങാൻ കഴിഞ്ഞു വെറ്ററിനറി കോളേജ് തുടങ്ങാൻ തീരുമാനമെടുത്തിരിക്കുന്നു. അങ്ങനെ ഈ രംഗത്ത് പല മേഖലകളിലും വളരെയേറെ അഭിവൃദ്ധിയും വളരെയേറെ പുരോഗതിയും പ്രത്യേകിച്ച് ഗവേഷണ രംഗത്ത് കൈവരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടുണ്ടെന്നുള്ള സത്യം അവശേഷിക്കുന്നുണ്ട്. കുറെ വെച്ചൂർ പശുക്കൾ ചത്തുപോയ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. അതിന് ലോക്കൽ പോലീസ് ഒരു കേസ് എടുത്ത് അന്വേഷണം നടത്തി. പക്ഷേ നാളിതുവരെ കുറ്റക്കാരെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. അത് ഇപ്പോഴും അന്വേഷണത്തിലിരിക്കുന്നു എന്നാണ് ക്രൈംബ്രാഞ്ചുമായി അന്വേഷിച്ചപ്പോൾ കിട്ടിയിട്ടുള്ള വിവരം. ഈ അടുത്ത കാലത്ത് അവിടെ ഒരു തീപിടിത്തത്തെ തുടർന്ന് വളരെ വില കൂടിയ കുറച്ച് പശുക്കൾക്ക് ജീവഹാനി വന്ന് വലിയ നഷ്ടമുണ്ടായിട്ടുണ്ട്. അതിനെക്കുറിച്ച് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. അവർ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അവിടത്തെ ചില നിയമനങ്ങളുടെ കാര്യത്തെ സംബന്ധിച്ച് പത്രങ്ങളിൽ ചില വാർത്ത വന്നിരുന്നു. അവിടെ ഒത്താശകൾ നടന്ന് ചില പാർശ്വ വർത്തികൾക്ക് ജോലി കിട്ടിയിട്ടുണ്ടെന്നുള്ള വലിയ ഒരു അഴിമതി ആരോപണമാണ് പത്രത്തിൽ വന്നത്. അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ആ നിയമനങ്ങൾ നിർത്തിവയ്ക്കണമെന്ന് ഗവൺമെൻറ് ആവശ്യപ്പെട്ടു. എന്നു തന്നെയല്ല, നമ്മുടെ എം. എൽ. എ. മാരൊക്കെ ഉൾക്കൊള്ളുന്ന യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റും അക്കാഡമിക് കൗൺസിലുമൊക്കെ തന്നെ ഈ ആവശ്യങ്ങൾ ഉന്നയിച്ചു. ആ നിയമനങ്ങൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. അതിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്നാണ് സിൻഡിക്കേറ്റിന്റെ അഭിപ്രായം. ഗവൺമെൻറിന്റെയും അഭിപ്രായം അതാണെന്ന് അറിയിച്ചിട്ടുണ്ട്. പക്ഷേ ഒരു കേസ് ഹൈക്കോടതിയിലുള്ളതിനാൽ വിജിലൻസ് എൻക്വയറി നടത്തുന്നതിനുള്ള അനുവാദം കിട്ടുന്നതിന് ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ഹൈക്കോടതിയിൽ നിന്ന് അനുവാദം കിട്ടുന്ന മുറയ്ക്ക് ഗവൺമെൻറ് ആകാര്യത്തെക്കുറിച്ച് വിജിലൻസ് എൻക്വയറി നടത്തുന്നതും എൻക്വയറിയുടെ അടിസ്ഥാനത്തിൽ അവിടെആരെങ്കിലും കൃത്രിമം കാണിച്ചിട്ടുണ്ടെന്ന് കണ്ടാൽ അവരുടെ പേരിൽ കർശനമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

ശ്രീ. പിണറായി വിജയൻ : ഡോക്ടർ മൈക്കിളിന്റെ ശാസ്ത്രജ്ഞൻ എന്ന നിലയ്ക്കുള്ള കാര്യത്തെക്കുറിച്ചൊന്നും ഞാൻ പറഞ്ഞില്ല. യു. ജി. സി. മാനദണ്ഡങ്ങൾ അനുസരിച്ച് 65 വയസ്സുവരെ സർവ്വകലാശാലയിൽ തുടരാൻ പറ്റുകയുള്ളു. ആ വശമടക്കം പരിശോധിച്ചിട്ടുണ്ടോ ? അതുപോലെ തന്നെ വൈസ് ചാൻസിലർ ജനാധിപത്യപരമായ രീതിയിൽ കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നില്ലെന്ന് ഞാൻ പ്രകടിപ്പിച്ച അഭിപ്രായത്തോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയുമടക്കം യോജിച്ചിരിക്കുകയാണ്. അപ്പോൾ കാർഷിക സർവ്വകലാശാലയ്ക്കകത്ത് ജനാധിപത്യപരമായ ഒരു അന്തരീക്ഷം നിലനിൽക്കുന്നില്ല. ഇദ്ദേഹത്തെ തലപ്പത്ത് വച്ചുകൊണ്ട് എങ്ങനെയാണ് ജനാധിപത്യപരമായ അന്തരീക്ഷം നിലനിർത്താൻ കഴിയുക. അതിന് എന്താണ് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. പി. പി. തങ്കച്ചൻ : 65 വയസ്സുവരെ എന്നുള്ളത് യു. ജി. സി. യുടെ കാര്യത്തിലാണ് പരിശോധന നടത്തിയത്. അതുപോലെ തന്നെ നമ്മൾ നിയമോപദേശവും തേടിയിട്ടുണ്ട്. ഗവൺമെൻറിന് കിട്ടിയിട്ടുള്ള നിയമോപദേശമനുസരിച്ചാണ് ഞാൻ പറഞ്ഞത് 65 വയസ് എന്ന് വ്യക്തമായി നമ്മുടെ നിയമത്തിൽ എഴുതിച്ചേർക്കാത്തിടത്തോളംകാലം മറൊരു ഭേദഗതി വേണ്ടി വരുമെന്ന് യു. ജി. സി. സ്കീമിനേറയുംകൂടി അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയിട്ടുള്ളത്. അതുപോലെ വിവിധ അംഗീകൃത സംഘടനകളുടെ ആളുകളുമായിട്ടും വിദ്യാർത്ഥി സംഘടനകളുടെ ആളുകളുമായിട്ടുമുള്ള വൈസ് ചാൻസലറുടെ പെരുമാറ്റത്തിലും അവരുമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്ക്ഷനിലുമൊക്കെ ജനാധിപത്യപരമായ രീതി അവലംബിക്കുന്നില്ലെന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. അത് കുറച്ചുകൂടി ഭംഗിയായ രീതിയിൽ, ജനാധിപത്യപരമായ രീതിയിൽ പെരുമാറണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. കാസർകോട് പത്തയ്യായിരം പേർ കൂടിയ ഒരു പൊതുയോഗത്തിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പരസ്യമായി പറയുകയും ചെയ്തിട്ടുണ്ട്. ഞാനും എന്റെ വ്യക്തിപരമായ അഭിപ്രായം വൈസ് ചാൻസലറോട് സൂചിപ്പിച്ചിട്ടുണ്ട്.

(2) കൊതുകുശല്യംമൂലം കൊച്ചി നഗരത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. ജോർജ്ജ് ഈഡൻ : സർ, വിശാല കൊച്ചിയിലെ അതിരൂക്ഷമായ കൊതുകു ശല്യത്തിലേക്കും, അതുമൂലം പടർന്നുപിടിക്കാനിടയുള്ള മാരകമായ പകർച്ച വ്യാധികളിലേക്കും ഞാൻ ഗവൺമെന്റിന്റേയും, സഭയുടേയും ശ്രദ്ധ ക്ഷണിക്കുന്നു. കൊച്ചിയിലെ കൊതുകു ശല്യം പണ്ടേ കുപ്രസിദ്ധമാണെങ്കിലും, ഇപ്പോൾ രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ കൊതുകുകൾ നഗരവാസികളെ വേട്ടയാടുകയാണ്. "അവളെ പേടിച്ച് ആരും നേർവഴി നടപ്പീല" എന്നു പറഞ്ഞതുപോലെ കൊച്ചിയിലെ കൊതുകുകളെ പേടിച്ച് മന്ത്രിമാർ പോലും എറണാകുളത്ത് തങ്ങാറില്ല എന്നുള്ളതാണ് സത്യം. ബഹുമാന്യനായ മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തന്നെ എറണാകുളത്ത് ഒരു പൊതു ചടങ്ങിൽ വച്ച് പറഞ്ഞു, ഞാനിപ്പോൾ കൊതുകിനെ പേടിച്ച് എറണാകുളത്ത് താമസിക്കാറില്ലെന്ന്. അതുകൊണ്ട് എനിക്ക് മന്ത്രിമാരോട് പറയാനുള്ളത്, കൊച്ചി നഗരവാസികളുടെ ഈ രൂക്ഷമായ കൊതുകുശല്യം നേരിട്ട് അനുഭവിക്കാൻ നിങ്ങളെല്ലാവരും ഒരു ആഴ്ച എ. സി. ഇല്ലാതെ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ താമസിക്കണമെന്നാണ്. രക്തം കുടിച്ച് അലോസരപ്പെടുത്തുകയും, മൂളിപ്പാട്ടുമായി വട്ടമിടുകയും ചെയ്യുന്ന കൊതുകും മാരകമായ രോഗങ്ങളും നഗരവാസികളിൽ പടർത്താനുള്ള സാധ്യതകളും ഏറെയാണെന്ന് ശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. ആലപ്പുഴയിലും, കോട്ടയത്തും ജപ്പാൻ മസ്തിഷ്ക രോഗംമൂലം നിരവധി പേർ മരിച്ചതിന്റെ ഞെട്ടലിൽനിന്നും ജനങ്ങൾ വിമുക്തരായിട്ടില്ല. കൊച്ചിയിൽ ഇത്തരം രോഗങ്ങൾ പടർന്നാൽ കൂട്ടമരണം ഉണ്ടാകും. ഈ അടുത്ത കാലത്ത് ബോംഗാട്ടി പാലസിൽ ഉത്തരേന്ത്യക്കാരായ രണ്ടു യുവമിഥുനങ്ങൾ ഹണിമൂൺ ആഘോഷിക്കാനായിട്ടു വന്നു. പാതിരകഴിഞ്ഞപ്പോൾ വധുവിനെ കാണാനില്ല. കൊതുകിന്റെ ശല്യം മൂലം സ്വന്തം ഭർത്താവിനെപ്പോലും ഉപേക്ഷിച്ച് യു. പി. ക്കാരി നാട്ടിലേക്ക് കടന്നുവെന്ന് പത്രത്തിലൊക്കെ ചിത്രങ്ങൾ സഹിതം വന്നതാണ്.

മി. സെപ്യൂട്ടി സ്പീക്കർ : ഈഡൻ എന്താ പറഞ്ഞത് ? കൊതുക് കടി അത്ര സുഖകരമാണോ ?

ശ്രീ. ജോർജ്ജ് ഈഡൻ : കൊതുക് കടി പേടിച്ചാണ് ഭർത്താവിനെപോലും ഉപേക്ഷിച്ചുപോയത്. കൊച്ചിയിൽ എന്നെ കൊണ്ടുവന്ന് ഇങ്ങനെ ഒരു മധുവിധു ആഘോഷിച്ചല്ലോ ഒടുങ്ങാൻ എന്നുള്ള രീതിയിലാണ് ഭാര്യ ഭർത്താവിനെ ഉപേക്ഷിച്ചു പോയത്. കൊതുകുകളെ നശിപ്പിക്കാൻ ബാദ്ധ്യസ്ഥരായ കൊച്ചി നഗരസഭ കൊതുകു വലയ്ക്കുള്ളിൽ കുംഭകർണ്ണനെപ്പോലെ ഉറങ്ങുകയാണ്. ചർച്ചകളും, സെമിനാറുകളും ഈ വിഷയത്തിൽ സംഘടിപ്പിക്കുകയല്ലാതെ നഗരസഭ പ്രായോഗികമായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നുള്ളതു വേദകരമാണ്. കൊതുകുകളുടെ ഉൽഭവം, അവയുടെ

LIBRARY ARCHIVES Kerala Legislative Assembly